കാരുണ്യ ബെനവലന്റ് പദ്ധതിപ്രകാരം സ്വകാര്യ ആശുപത്രികൾക്ക് നൽകാനുള്ള തുക

143 (115) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ടവർക്ക് ചെലവേറിയ ചികിത്സനടത്തുന്നതിന് സഹായം ലക്ഷ്യമിട്ട കാരുണ്യ ലോട്ടറി നടത്തിപ്പുവഴി ഇതു വരെ എത്ര കോടി രൂപയാണ് ലഭിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത തുകയിൽ നിന്നും കാരുണ്യ ബെനവലന്റ് സ്കീം പ്രകാരം എത്ര പേർക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ; ഇതിൽ സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് അനുവദിച്ച തുക എത്രയാണ്; ബാക്കി തുക എന്തിനുപയോഗിച്ചു എന്ന് വിശദമാക്കുമോ;

(സി) എത്ര സ്വകാര്യ ആശുപത്രികളിലെ ഏതൊക്കെ വിഭാഗം ചികിത്സകളാണ് കാരുണ്യ ബെനവലന്റ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്; പട്ടിക ലഭ്യമാക്കാമോ;

(ഡി) കാരുണ്യ ബെനവലന്റ് സ്കീം പ്രകാരം സ്വകാര്യ ആശുപത്രികളിൽ നടത്തിയ ചികിത്സയ്ക്ക് ആശുപത്രികൾക്ക് പണം ലഭ്യമാക്കാൻ കാലതാമസം നേരിട്ടിട്ടുണ്ടോ; ആയതിന്റെ പേരിൽ സംസ്ഥാനത്തെ പല ആശുപത്രികളിലും കാരുണ്യ ബെനവലന്റ് സ്കീമിൽ രോഗികൾക്ക് ചികിത്സ നിഷേധിക്കുന്നതായ മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കാരുണ്യ ബെനവലന്റ് പദ്ധതിപ്രകാരം സ്വകാര്യ ആശുപത്രികൾക്ക് ഇനിയും തുക നൽകേണ്ടതായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ആശുപത്രികൾക്കായി എത്ര തുക വീതമാണ് നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത തുക നൽകുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ലോട്ടറികളുടെ ചെലവുകൾ കഴിച്ചുള്ള അറ്റാദായമാണ് കാരുണ്യചികിത്സാ സഹായ പദ്ധതിക്കായി വിനിയോഗിക്കുന്നത്. കാരുണ്യ ലോട്ടറിയുടെ അറ്റാദായം 546.30 കോടി രൂപയും, കാരുണ്യ പ്ലസ് ലോട്ടറിയുടെ അറ്റാദായം 250.37 കോടി രൂപയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാരുണ്യ ബെനവലന്റ് സ്കീം പ്രകാരം അനുവദിച്ചിട്ടുള്ള ധനസഹായം സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം -എ ആയി ചേർത്തിട്ടുണ്ട്*. ഇതിൽ സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്ന 14130 രോഗികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ സ്വകാര്യ ആശുപത്രികൾക്കുള്ള തുക ചികിത്സ നടത്തിയ ക്ലെയിം ലഭിച്ചതിനുശേഷം മാത്രമാണ് വിതരണം ചെയ്യുന്നത്. ഇത്തരത്തിൽ 61.70 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. കാരുണ്യ പദ്ധതിയിൽനിന്നും സർക്കാർ/സ്വകാര്യ ആശുപത്രികളുടെ ചികിത്സാ ചെലവിനു പുറമെ റീഇംബേഴ്സ്മെന്റ്, പ്രത്യേകാനുമതി പ്രകാരമുള്ള അപേക്ഷകർക്ക് തുക, ഹീമോഫീലിയ, ഒറ്റത്തവണ സമാശ്വാസ ചികിത്സ എന്നിവയ്ക്കും തുക അനുവദിച്ചിട്ടുണ്ട്.

(സി) ലിസ്റ്റ് ഇതോടൊപ്പം (അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

(ഡി) 14 ജില്ലകളിൽനിന്നും ലഭിക്കുന്ന ആയിരക്കണക്കിന് അപേക്ഷകൾ യഥാസമയം പ്രോസസ്സ് ചെയ്ത് പരിശോധിക്കുന്നതിന് മതിയായ സ്ഥിരം ജീവനക്കാർ ഇല്ലാത്തതുകൊണ്ടാണ് ധനസഹായം വിതരണം ചെയ്യുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളത്. എന്നാൽ ജനുവരി 2016 മുതൽ ഭാഗ്യക്കുറി വകുപ്പിൽനിന്നും ഇതിനായി പ്രത്യേകം ജീവനക്കാരെ നിയോഗിച്ച് ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. എന്നാൽ കാലതാമസം നേരിടുന്നതിനാൽ കെ.ബി.എഫ്. പദ്ധതി പ്രകാരമുള്ള രോഗികൾക്ക് ചികിത്സ നിഷേധിക്കുന്നതായിട്ടുള്ള വാർത്തകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്.

(ഇ) ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു *.

(എഫ്) ജനുവരി 2016 മുതൽ ഭാഗ്യക്കുറി വകുപ്പിൽനിന്നും കുടിശ്ശികയായിട്ടുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി പ്രത്യേകം ജീവനക്കാരെ നിയോഗിച്ച് ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

കാരുണ്യ ബെനവലന്റ് ഫണ്ട് ഒരു സ്വതന്ത്ര ട്രസ്റ്റ്

144 (116) പ്രൊഫ. സി. രവീന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാരുണ്യ ബെനവലന്റ് ഫണ്ട് എന്ന സ്ഥാപനത്തെ ഒരു സ്വതന്ത്ര ട്രസ്റ്റ് ആക്കി ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കാൻ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ, അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly